# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3566** **20.06.2019-ൽ മറുപടിക്ക്**

**ശ്രീജിത്തിന്റെ കസ്റ്റഡി മരണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴയിൽ ശ്രീജിത്തിനെ ടൈഗർ ഫോഴ്സ് കസ്റ്റഡിയിലെടുത്തത് ആളുമാറിയാണ് എന്ന് വ്യക്തമായിട്ടും ശ്രീജിത് പ്രതിയാണെന്ന് പറഞ്ഞ് എസ്.പി. പോലീസിനെ ന്യായീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; | (എ) അന്നത്തെ എസ്.പി യുടെ കീഴുദ്യോഗസ്ഥർ വരാപ്പുഴ ശ്രീജിത്തിന്റെ അറസ്റ്റ് സംബന്ധിച്ച് നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് എസ്.പി. ഇപ്രകാരം പറയാനിടയായതെന്ന് ഈ കേസിന്റെ അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (ബി) ശ്രീജിത്തിനെതിരെ വ്യാജ തെളിവുകൾ ഉണ്ടാക്കുവാൻ എസ്.പി. ശ്രമിച്ചുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയോ. എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) നടത്തിയിരുന്നു. ശ്രീജിത്തിനെതിരെ വ്യാജ തെളിവുണ്ടാക്കാൻ എസ്.പി. ശ്രമിച്ചതായി അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (സി) വരാപ്പുഴ എസ്.ഐ.യുടെ അറിവോടുകൂടിയാണോ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തത്; അല്ലെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (സി) ശ്രീജിത്തിനെ കസ്റ്റഡിയിൽ എടുത്തത് നോർത്ത് പറവൂർ ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരുന്ന ക്രിസ്പിൻ സാമിന്റെ നിർദ്ദേശ പ്രകാരമാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശ്രീജിത് കസ്റ്റഡിയിൽ മരിച്ചശേഷം ടൈഗർ ഫോഴ്സിലെ അംഗങ്ങളോടും സി.ഐ.യോടും എസ്. പി. തുടർച്ചയായി ഫോണിൽ സംസാരിച്ച എന്ന ആരോപണം സംബന്ധിച്ച് പോലീസ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫോൺ രേഖകൾ പരിശോധിക്കുമോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. |
| (ഇ) | എസ്.പി.ക്കെതിരായുള്ള വകുപ്പുതല നടപടികൾ അവസാനിപ്പിച്ച് അദ്ദേഹത്തിന് പ്രമോഷൻ നൽകുവാൻ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി പുന:പരിശോധിക്കുമോ എന്നറിയിക്കാമോ? | (ഇ) | പ്രമോഷനുകൾ സംബന്ധിച്ച ചട്ടങ്ങളാണ് ഉദ്യോഗസ്ഥരുടെ പ്രമോഷന് അടിസ്ഥാനം. അതേ നടപടിയാണ് ഈ ഉദ്യോഗസ്ഥന്റെ കാര്യത്തിലും സ്വീകരിക്കുക. |

**സെക്ഷൻ ഓഫീസർ**